# കോളേജ് ഓഫ് ഫോറസ്ട്രി

**കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര തൃശൂർ 680 656**

നമ്പർ അക്കാദ് /1530/ 2018 തീയതി: 29.10. 2018

<u>പത്രക്കുറിപ്പ്</u>

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി .എസ് .സി (ഹോണേഴ്സ് ) ഫോറസ്ട്രി കോഴ്സിലേക്ക് 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് താഴെ പറയുന്ന ഒഴിവുകളില്ലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു .

| വിഭാഗം | ഒഴിവുകളുടെ എണ്ണം | തിയതി, സമയം | സ്ഥലം |
|---|---|---|---|
| മുസ്ലിം | 1 | 31.10. 2018 ഉച്ചയ്ക്ക് 2.00 മണി | സെമിനാർ ഹാൾ കോളേജ് ഓഫ് ഫോറെസ്റ്ററി |

ആയതിനാൽ മേൽ പറഞ്ഞ വിഭാഗത്തിൽ നിന്നുള്ള വിദ്യാർഥികൾക്കു സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

2018 കേരള എൻട്രൻസ് പരീക്ഷ കമ്മീഷണർ നടത്തിയ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ഇതിൽ പങ്കെടുക്കാൻ അർഹത. പ്രവേശന പരീക്ഷയുടെ റാങ്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം അനുവദിക്കുക താല്പര്യമുള്ളവർ ജനന തീയ്യതി, യോഗ്യതകൾ, എൻട്രൻസ് പരീക്ഷയുടെ റാങ്ക്, കാറ്റഗറി എന്നിവ വ്യക്തമായി രേഖ പ്പെടുത്തിയ ഡാറ്റ ഷീറ്റ് സഹിതം 31.10.2018 (ബുധനാഴ്ച) ഉച്ചയ്ക്ക് 2.00 മണിക്ക് ഫോറെസ്റ്ററി കോളേജിലെ സെമിനാർ ഹാളിൽ ഹാജരാകണം. യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ കൈവശം ഇല്ലാത്തവർ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. ടി.സി., സി.സി.. മുതലായവ പ്രവേശനം ഉറപ്പാക്കിയ ശേഷം മാത്രം ഹാജരാക്കിയാൽ മതിയാവും. പ്രവേശനം നേടുന്നവർ പ്രസ്തുത കോഴ്സിന് എൻട്രൻസ് പരീക്ഷ പ്രോസ്പെക്ടസിൽ നൽകിയിട്ടുള്ള മാതൃകയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്പോട് അഡ്മിഷൻ സമയത്തു ഹാജരാക്കിയാൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കു. മുസ്ലിം വിഭാഗം പ്രവേശനാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗക്കാരെ പരിഗണിക്കുന്നതാണ്

നിശ്ചിത സമയത്തിനകം നേരിട്ട് ഹാജരാകാത്ത അപേക്ഷാർത്ഥികളെ യാതൊരു കാരണവശാലും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. എൻട്രൻസ് പരീക്ഷയുടെ റാങ്ക് വ്യക്തമാക്കുന്ന ഡാറ്റ ഷീറ്റ് കൈവശമില്ലാത്ത പ്രവേശനാർത്ഥികളെ യാതൊരു കാരണവശാലും സ്പോട് അഡ്മിഷൻ ഹാളിലോട്ട് പ്രവേശിപ്പിക്കുന്നതല്ല. വിവരങ്ങൾക്ക് ഫോറസ്ട്രി കോളേജിന്റെ www.forestry.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഡീൻ